# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ ഡി/പി7/2032/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ; 04952371012
ഇ-മെയിൽ;- dokkd.ksad.kerala.gov.in

തീയതി:10.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും ഭാഗം 3-ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3)കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.കെ ഡി/പി7/2032/17 തിയ്യതി – 10.11.2017

# കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.02.2017 മുതൽ 13.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.ഉണ്ണികൃഷ്ണൻ,ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.10.2017 മുതൽ 25.10.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജാസിർ സി എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ സജിത്ത് കെ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ .അജീഷ് പി.കെ<br>ശ്രീമതി ജാനു കെ | 01.04.2016 മുതൽ 13.06.2016 വരെ<br>13.06.2016 മുതൽ 24.06.2016 വരെ |

| | | |
|---|---|---|
| | ശ്രീ ജോസഫ് കെ കെ | 24.06.2016 മുതൽ 19.12.2016 വരെ |
| | ശ്രീ കെ കുഞ്ഞിരാമൻ | 19.12.2016 മുതൽ 27.01.2017 വരെ |
| | ശ്രീ ജോസഫ് കെ.കെ | 27.01.2017 മുതൽ 31.01.2017 വരെ |
| | ശ്രീ കെ കുഞ്ഞിരാമൻ | 01.02.2017 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി രശ്മി രാമൻ | 01.04.2016മുതൽ 14.12.2016 വരെ |
| | ശ്രീമതി സിന്ധു കെ പി | 15.12.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ സതീഷ്കുമാർ കെ.പി | 01.04.2016മുതൽ08.01.2017വരെ |
| | ശ്രീമതി മീന ടി.ഡി | 08.01.2017മുതൽ31.03.2017വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ബിന്ദു | 01.04.2016 മുതൽ07.11.2016 വരെ |
| | ശ്രീ സതീശൻ യു കെ | 07.11.2016മുതൽ31.12.2016വരെ |
| | ശ്രീഅനീഷ് വി നായർ | 31.12.2016മുതൽ31.03.2017 വരെ |
| സൂപ്രണ്ട്,താലൂക്ക് ആശുപത്രി | ഡോ.ജമീല .കെ | 01.04.2016മുതൽ31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ നിധിൻ .കെ | 01.04.2016മുതൽ31.03.2017 വരെ |
| അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ഗോപിനാഥ് പി.എം | 01.04.2016മുതൽ07.11.2016വരെ |
| | ശ്രീ അബ്ദുൾ സലീം | 07.11.2016മുതൽ31.03.2017വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ പത്മനാഭൻ ഇ എം<br>ശ്രീ മുഹമ്മദ് നവാസ് | 01.04.2016മുതൽ22.05.2016വരെ<br>23.05.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1<br>പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |

| | | | |
|---|---|---|---|
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ | |
| 9 | 1-9 | കേഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 11 | 2-1 | വാർഷികകണക്കിലെ അപാകതകൾ | |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | 3-1 | പ്രസിഡന്റിന്റെ വാഹനത്തിന് ഇൻഷ്വറൻസ് യഥാസമയം പുതുക്കാത്തതിനാൽ അധിക തുക അടക്കേണ്ടി വന്നു. | |
| 13 | 3-2 | കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ – പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | |
| 14 | 3-3 | ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടാത്ത പ്രൊജക്ട് നടപ്പിലാക്കി | |
| 15 | 3-4 | പാലിയേറ്റീവ് പരിചരണം – പ്രൊജക്ട് നടത്തിപ്പിനായി കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല | |
| 16 | 3-5 | പി.ജി. വിദ്യാർത്ഥികൾക്ക് പഠനോപകരണം(എസ്.ടി) പദ്ധതി നടത്തിപ്പിലെ അപാകതകൾ | |
| ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 17 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 18 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 19 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |

| | | | |
|---|---|---|---|
| 20 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 21 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 22 | 4-6 | ഓഡിറ്റ് റിക്കവറി | |
| 23 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 24 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 25 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 26 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 03/01/31 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 15.07.2017 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് റിപ്പോർട്ടിനൊപ്പം ഉള്ളടക്കം ചെയ്യുന്നു. | |

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -24949983

വരവ് -70031651

ആകെ -94981634

ചെലവ് -79613342

നീക്കിയിരിപ്പ്-15368292

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28224547 | 28224547 | 25208391 | 3016136 | 89.91 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2686896 | 2686896 | 2186896 | 500000 | 81.39 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 499770 | 499770 | 372265 | 127505 | 74.49 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4388229 | 4388229 | 3785812 | 602417 | 86.27 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 68 | 49700421/- | 46 | 31975837/- | 4 | 18 | 73.52 |

## 1-7 തനത് വരുമാനം.

പരാമർശിക്കത്തക്ക തനത് വരുമാനം ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2016 – 28.10.2016 | 2015 സെപ്തംബർ -2016 സെപ്തംബർ | N72/DPA/16 KKD<br>തിയ്യതി 03.01.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2016-25.08.2016 | 1.08.2014-31.07.2016 | OA/HQ/3/3/2-257 /16-17/387 തിയ്യതി 21.09.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2016-17 വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന ലോൺ തുകയും വാർഷിക കണക്ക്പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന ലോൺ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രേഖകൾ

പ്രകാരം ഐ.എ.വൈ ലോൺ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള പലിശയടക്കമുള്ള ലോൺതുക 3193574/-രൂപയാണ്. വാർഷിക കണക്ക് പ്രകാരം തുക 3182148/-രൂപയാണ്. ഇ.എം.എസ് ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) വാർഷിക കണക്ക്പ്രകാരം RP-40(6) ട്രഷറി ടി എസ് ബി എക്കൗണ്ടിൽ നീക്കിയിരിപ്പായി കാണിച്ച തുക 5280567/- രൂപയാണ്.ബാങ്ക് ബുക്ക് പ്രകാരം വർഷാവസാനത്തിലെ നീക്കിയിരിപ്പ് 5253817/- രൂപയാണ്.ഇവ തമ്മിൽ 26750/- രൂപ വ്യത്യാസമുണ്ട്.

3) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

4) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ നിന്നുള്ള വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ഇൻകം ടാക്സ് എന്നിവ അടവാക്കിയ തുകകൾ വാർഷിക ധനകാര്യപത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

5) സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതിവരെയുള്ള ബ്ലോക്ക് പഞ്ചായത്തിനുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>പ്രസിഡന്റിന്റെ വാഹനത്തിന് ഇൻഷ്വറൻസ് യഥാസമയം പുതുക്കാത്തതിനാൽ അധിക തുക അടക്കേണ്ടി വന്നു.</u>

പ്രസിഡന്റിന്റെ വാഹനത്തിന്റെ (കെ.എൽ-18 -ജെ-8695 ബൊലേറോ ജീപ്പ്) ഇൻഷ്വറൻസ് കാലാവധി 5.10.2016 ന് അവസാനിച്ചു.എന്നാൽ ഇൻഷ്വറൻസ് പുതുക്കിയത് 17.01.2017 തിയ്യതിയിലാണ്.(പോളിസി നമ്പർ:76130131160100028517).06.10.2016 മുതൽ 103 ദിവസം ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാതെയാണ് വാഹനം നിരത്തിലോടിയത്.17.01.2017 തിയ്യതിയിൽ ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയിൽ 10647/- രൂപ അടവാക്കി ഇൻഷ്വറൻസ് പുതുക്കി .ഇതുകാരണം യഥാസമയം ഇൻഷ്വറൻസ് പുതുക്കുകയാണെങ്കിൽ ലഭിക്കുമായിരുന്ന ക്ലെയിമിന് അവകാശവാദമുന്നയിക്കാതിരുന്നതിനുള്ള ആനുകൂല്യമായ 1537/- രൂപ നഷ്ടപ്പെട്ടു. ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയിൽ നിന്നുള്ള കത്ത് പ്രകാരം തുടർവർഷത്തിൽ മേൽ ആനുകൂല്യം ലഭിക്കുന്നതിനായി 13.02.2017 ന് 1537/- രൂപ അധികം അടവാക്കി നോ ക്ലെയിം ബോണസ് പുനസ്ഥാപിച്ചു (വൗച്ചർ നം.4/2016-17 തീയതി 07.02.2017). ഇൻഷ്വറൻസ് പരിരക്ഷയില്ലാതെ വാഹനം റോഡിൽ ഓടാനിടയായത് വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വീഴ്ച്ചക്ക് വിശദീകരണം നൽകേണ്ടതും നോക്ലെയിം ബോണസ് പുനസ്ഥാപിച്ചുകിട്ടാനായി അധികമായി അടവാക്കിയ തുക കസ്റ്റോഡിയൻ ഓഫീസറിൽ നിന്നും തിരികെ ഇടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 3-2 <u>കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ</u>

പ്രോജക്ട് നമ്പർ -84

അടങ്കൽ -402752/-(തനത് ഫണ്ട്-10400/-& മെയിന്റനൻസ് ഫണ്ട് (റോഡിതരം)-392352)

ചെലവ്-358815/-
ബിൽ നം. – 24/2016-17 തീയതി 31.03.2017

നിർവ്വഹണോദ്യോഗസ്ഥൻ - സൂപ്രണ്ട് ,താലൂക്ക് ഹോസ്പിറ്റൽ കുറ്റ്യാടി

കുറ്റ്യാടി താലൂക്ക് ഹോസ്പിറ്റലിലേക്ക് ഇ സി ജി മെഷീൻ(12 ചാനൽ) , മൾട്ടി പാരാ മോണിറ്റർ ,കാർഡിയാക് മോണിറ്റർ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്.പ്രോജക്ട് നിർവ്വഹണ വേളയിൽ -കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ / ടെൻഡർ നടപടികൾ സ്വീകരിക്കാതെയാണ് ഇ സി ജി മെഷീൻ (വില-74865- രൂപ) , മൾട്ടി പാരാ മോണിറ്റർ (വില-75000രൂപ) എന്നിവ വാങ്ങിയിരിക്കുന്നത്.ക്വട്ടേഷൻ/ടെൻണ്ടർ നടപടികൾകൂടാതെ 149865/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതിനാധാരമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു (149865/-രൂപ ചെലവഴിച്ചത്)

## 3-3 ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടാത്ത പ്രോജക്ട് നടപ്പിലാക്കി.

നിർവ്വഹണം- കൃഷി അസിസ്റ്റന്റ് ഡയറക്ടർ.
കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിലുള്ള തരിശ് ഭൂമി പൂർണ്ണമായും കൃഷിക്ക് ഉപയോഗപ്പെടുത്തുക,ഉല്പാദന വർദ്ധനവ് , ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവ ലക്ഷ്യം വെച്ചാണ് കാർഷികമേഖലയിൽ തൻവർഷം ബ്ലോക്ക് പഞ്ചായത്ത് 2 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രജക്ട് നം-പേര് | അടങ്കൽ | ചെലവ് | നടത്തിപ്പ് |
|---|---|---|---|
| നം-66/17 തരിശ് ഭൂമിയിൽ പാട്ടകൃഷി | വികസന ഫണ്ട്-3029732/-<br>ഗ്രാമപഞ്ചായത്ത് വിഹിതം-700000/-<br>ജില്ല പഞ്ചായത്ത് വിഹിതം-500000/-<br>കേന്ദ്ര വിഹിതം-2500000/-<br>ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്)-1402388/-<br>ആകെ അടങ്കൽ-8132320/- | ബിൽ നം :2/29.03.17-2629932/-(റെയ്ഡ്കോ ഇൻവോയ്സ് നം-3347/20.03.17 പ്രകാരം)<br>ബിൽ നം:3/31.03.17 -400000/-(റെയ്ഡ്കോ ഇൻവോയ്സ് നം-14253/29.03.17 പ്രകാരം) | 98കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 39.2 ഏക്കർ തരിശ് ഭൂമിയിൽ പാട്ടകൃഷി ചെയ്യുന്നതിനായി വാഴ, മഞ്ഞൾ ,ഇഞ്ചി,ചേന വിത്തുകൾ 100% സബ്സിഡിയിൽ നൽകുന്നു. കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വിലയിൽ 75% സബ്സിഡിയിൽ നൽകുന്നു. |
| നം-67/17 പാട്ടകൃഷി വനിതാ ഗ്രൂപ്പ് | വികസന ഫണ്ട്-2233012/-<br>ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്)-1000000/-<br>ആകെ അടങ്കൽ -3233012/- | ബിൽ നം :1/29.03.17-1875000/-<br>(റെയ്ഡ്കോ ഇൻവോയ്സ് നം-3346/20.03.17 | 233 ഗ്രൂപ്പുകൾക്ക്<br>100 ഏക്കർ പാട്ട ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി വാഴ, മഞ്ഞൾ ,ഇഞ്ചി,ചേന,കാച്ചിൽ എന്നിവയുടെ വിത്തുകൾ 100% |

| | | | |
|---|---|---|---|
| | | പ്രകാരം) (റെയ്ഡ്കോ ഇൻവോയ്സ് നം- 14254/30.03.17 -458862/- തുക നൽകിയിട്ടില്ല.) | സബ്സിഡിയിൽ നൽകുന്നു. കൃഷിക്കാവശ്യമായ ജൈവവളം 75% സബ്സിഡിയിൽ നൽകുന്നു. |

പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ റെയ്ഡ്കോ-പേരാമ്പ്ര ശാഖയിൽ നിന്നുമാണ് നടീൽ വസ്തുക്കൾ വാങ്ങിയത്.റെയ്ഡ്കോ ഇൻവോയ്സുകൾ പ്രകാരം രണ്ട് പ്രോജക്ടുകളിലുമായി ആകെ 59540 കിലോഗ്രാം ചേന( വില കിലോവിന് 49 രൂപ), 26927കിലോഗ്രാം ഇഞ്ചി( വില കിലോവിന് 80 രൂപ) , 26927 കിലോഗ്രാം മഞ്ഞൾ( വില കിലോവിന് 40 രൂപ) ,4288 കിലോഗ്രാം കാച്ചിൽ( വില കിലോവിന് 40 രൂപ) , 9800 വാഴ കന്നുകൾ(വില ഒന്നിന് 14 രൂപ) എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി 7 പഞ്ചായത്തുകളിലെ എൻ ആർ ഇ ജി എസ് ഓവർസിയർമാർ മുഖാന്തിരം തരിശുഭൂമിയിൽ പാട്ടകൃഷി നടത്തിയ 81 ഗ്രൂപ്പുകൾക്കും ,വനിതാ പാട്ടകൃഷി നടത്തിയ 81 ഗ്രൂപ്പുകൾക്കുമായി നൽകിയിട്ടുണ്ട്.പഞ്ചായത്തുകൾ അംഗീകരിച്ച നൽകിയ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പാട്ടകൃഷി ചെയ്യുന്നതിനായി കൃഷിഭൂമി ഉടമകളുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഗ്രൂപ്പിന് കൃഷി ചെയ്യുന്നതിനാവശ്യമായ നിലമൊരുക്കൽ ജോലികൾ എൻ ആർ ഇ ജി എസ് പ്രവർത്തികളിൽ ഉൾപ്പെടുത്തിയാണ് (കൺവർജൻസ് സ്കീം പ്രകാരം)ചെയ്തിട്ടുള്ളത്.ഓഡിറ്റ് സമയത്ത് പാട്ടകൃഷി വിളവെടുപ്പിന് പാകമായി വരുന്ന അവസ്ഥയിലും ഉയർന്ന വിളവ് പ്രതീക്ഷിക്കുന്നുമുണ്ട്.പദ്ധതി കാർഷികമേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനും പുതുതായി കുടുംബശ്രീ ഗ്രൂപ്പുകളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും ബ്ളോക്ക് പരിധിയിലെ തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് കുടുംബശ്രീഗ്രൂപ്പുകളെ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പ്രകാരം മേൽ രണ്ടു പ്രോജക്ടുകളിലുമായി 7 പഞ്ചായത്തുകളിലായി തൊഴിലാളികൾക്കുള്ള കൂലിയിനത്തിൽ മാത്രം താഴെ പറയും പ്രകാരം 10349147/- രൂപ ചെലഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | നൽകിയ തൊഴിൽ ദിനങ്ങൾ | തുക |
|---|---|---|
| കുറ്റ്യാടി | 3162 | 828444/- |
| കുന്നുമ്മൽ | 2864 | 750368/- |
| കാവിലുംപാറ | 6023 | 1578026/- |
| വേളം | 5946 | 1563798/- |
| നരിപ്പറ്റ | 4419 | 1162197/- |
| കായക്കൊടി | 4108 | 1076296/- |
| മരുതോങ്കര | 12939 | 3390018/- |
| ആകെ തുക | | 10349147/- |

പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുന്നതാണെങ്കിലും 12ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 4 പ്രകാരം പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി നിയമപ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിൽ ഉള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ മാർഗ്ഗരേഖ പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ചെയ്യാവുന്നതുമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 172 വകുപ്പ് 1ാം ഉപവകുപ്പ് പട്ടിക 4 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ ചുമതലകൾ 1) ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക . 2)ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക. 3) കാർഷിക പ്രദർശനങ്ങൾ നടത്തുക. 4)ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നിർമ്മിതികൾ പരിപാലിക്കുക. 5) കാർഷിക വായ്പ സ്വരൂപിക്കുക. 6) പട്ടു നൂൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ്.

മേൽ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്കായി തൻവർഷം പ്രൊജക്ട് നടപ്പാക്കിയതിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് പരിചരണം - പ്രൊജക്ട് നടത്തിപ്പിനായി കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ-10/16-17

അടങ്കൽ-584284/-

ചെലവ്-584284/-(ബിൽ നം-35/27.03.2017)

പാലിയേറ്റീവ് പരിചരണം പ്രോജക്ട് നടത്തിപ്പിനായി താഴെ പറയും പ്രകാരം തുകകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

| പഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|
| മരുതോങ്കര | 84282/- |
| വേളം | 100000/- |
| കുന്നുമ്മൽ- | 100000/- |
| കുറ്റ്യാടി - | 100000/- |
| കായക്കോടി- | 100000/- |
| നരിപ്പറ്റ - | 100000/- |
| ആകെ- | 584284/- |

മേൽ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-5 പി ജി വിദ്യാർത്ഥികൾക്ക് പഠനോപകരണം(എസ്.ടി)-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ-50/16-17

അടങ്കൽ-50000/-

ചെലവ്- 36800/-(ബിൽ നം-38/27.03.2017)
10750/- (ബിൽ നം.52/31.03.2017)

ആകെ - 47550/-

നിർവ്വഹണം - സെക്രട്ടറി

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗത്തിൽപ്പെട്ട പ്രിയ.സി.ഡി, വായാട് കോളനി, നരിപ്പറ്റ എന്ന വിദ്യാർത്ഥിനിക്ക് 36800/-രൂപ വിലയുള്ള എയ്സർ ലാപ്ടോപ്പ്, 7750/-രൂപ വിലയുള്ള ഒ.ടി.5.28 ഡെക്കർ, 3000/-രൂപ വിലയുള്ള റിവോൾവിംഗ് ചെയർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)397/2017 ത.സ്വ.ഭ.വ തീയതി 13.02.2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലാപ്ടോപ്പ് വിതരണം നടത്തുമ്പോൾ 30000/-രൂപ വിലയുള്ള ലാപ്ടോപ്പ് ആണ് വാങ്ങി നൽകാവുന്നത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ 36800/-രൂപ വിലയുള്ള ലാപ്ടോപ്പ് ആണ് വാങ്ങി നൽകിയിരിക്കുന്നത്.

പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (എം.എസ്) നമ്പർ 04/2016 ത.സ്വ.ഭ.വ തീയതി 11.01.2016 അനുബന്ധം 13 ഖണ്ഡിക 6-8 പ്രകാരം 4000/-രൂപ വിലവരുന്ന ഫർണീച്ചർ വാങ്ങി നൽകാവുന്നതും എന്നാൽ ലാപ്ടോപ്പ് വിതരണം, ഫർണീച്ചർ വിതരണം എന്നിവ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുമുണ്ട്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിന് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 47550/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രഥമ മറുപടിയിൽ അനുമതി വിവരം ലഭ്യമാക്കാത്ത പക്ഷം ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുറ്റ്യാടി | 29.03.2017 | 100000/- | തരിശു ഭൂമിയിൽ പാട്ടക്കൃഷി | ഇല്ല | 300000/- |
| നരിപ്പറ്റ | 30.03.2017 | 100000/- | | | |
| കാവിലും പാറ | 31.03.2017 | 100000/- | | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ സംസ്ഥാന സർക്കാർ അധിക വിഹിതം | ജി.ഒ(എം.എസ്) 90/2013 തീ.14.03.2013 | 2758250/ | 2258250/- | - | - | മുതൽ- 2258250/- പലിശ-935324/- |
| ഇ.എം.എസ് ഭവന പദ്ധതി വായ്പ | ജി.ഒ(എം.എസ്) 207/2009 തീ.07.11.2009 | 16593401/- | - | 1500000/- | - | |

- ഇ.എം.എസ് ഭവന പദ്ധതി വായ്പയിനത്തിൽ തൻവർഷം 1500000/- രൂപ തിരിച്ചടച്ചിട്ടുണ്ട്.എന്നാൽ ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-4 | 2006-07 | 3.79.14 | വ്യവസായ എസ്റ്റേറ്റ് പൂർത്തിയാക്കിയില്ല. ചെലവഴിച്ച പണം പാഴാകുന്നു. | തീർപ്പാക്കിയിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70031651 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79613342 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1537 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 781699 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1537 | സെക്രട്ടറി, ശ്രീ.കെ.കുഞ്ഞിരാമൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 149865 | ശ്രീമതി.കെ.ജമീല |

| | | |
|---|---|---|
| | | സൂപ്രണ്ട്,കുറ്റ്യാടി താലൂക്ക് ഹോസ്പിറ്റൽ |
| 3-4 | 584284 | ശ്രീ.കെ.കുഞ്ഞിരാമൻ, സെക്രട്ടറി, |
| 3-5 | 47550 | ശ്രീ.കെ.കുഞ്ഞിരാമൻ, സെക്രട്ടറി, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.കുഞ്ഞിരാമൻ<br>സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | കുനിയിൽ വീട്<br>വട്ടോളി(പി.ഒ)<br>കക്കട്ടിൽ (വഴി)<br>കോഴിക്കോട്- 673507 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97, 1997-98 | എൽ.എഫ്.കെ.കെ.ഡി./പി7/ 376/12 തി.7.9.12 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (1) തി.7.9.12 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (2) തി.7.9.12 | 7 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (3) തി.10.9.12 | 13 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (4) തി.10.9.12 | 8 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12(5) തി.10.9.12 | 20 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി./പി7/1376/12(6) തി.10.09.2012 | 3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12(7) തി.10.9.12 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി./പി7/ 2260/16 തി.03.06.2017 | 3 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി./പി7/ 170/12(1) തി.13.2.12 | 12 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി./പി7/ 170/12(2) തി.13.2.12 | 14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി./എസ്2/ 1514/11 തി.4.9.12 | 16 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി./എസ്2/ 1514/11 തി.4.9.12 | 14 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി./പി7/ 41/13 തി.18.6.14 | 18 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി./പി7/ 1782/15 തി.28.10.2015 | 6 |
| 2013-14,2014-15 | എൽ.എഫ്.കെ.കെ.ഡി./പി7/ 511/17 തി.19.05.2017 | 11 |
| 2015-16 | കെ എസ്.എ. കെ.കെ.ഡി പി7/440/17 തിയ്യതി 21.03.2017 | 12 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം -1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി7/2032/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി:10.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2016 –17ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ 2016-17ലെ വാർഷിക ധനകാര്യ പത്രിക കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/2032/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date:10.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kunnummal Block Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kunnummal Block Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR
District Audit Office, Kozhikode.